
# മലപ്പട്ടം മാപ്പിള എ എൽ പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026





## ആമുഖം

മലപ്പട്ടം മാപ്പിള എ.എൽ.പി.സ്കൂൾ.

മലപ്പട്ടം ഗ്രാമപഞ്ചായത്തിൽ IXാം വാർഡിൽ കാപ്പാട്ടുകുന്ന് എന്ന പ്രദേശത്ത് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നു.

<u>ഫീഡിംഗ് ഏരിയ</u> : മുനമ്പ്, നല്ലാഞ്ഞിമൂല, കപ്പം, പരിപ്പിൻകടവ്, മേപ്പറമ്പ, കൈക്കണ്ടി,വെണ്ണക്കുന്ന്.

<u>ഫീഡിംഗ് സ്കൂളുകൾ</u> : മലപ്പട്ടം അംഗൻവാടി, തേക്കിൻ കൂട്ടം അംഗൻവാടി, ശിശുമന്ദിരം.

### വിദ്യാലയ ചരിത്ര സംക്ഷിപ്തം

മലപ്പട്ടം പ്രദേശത്ത് ഔപചാരിക വിദ്യാഭ്യാസം എന്ന ഒരു രീതിക്ക് ആരംഭം കുറിച്ചത് ഒന്നേകാൽ നൂറ്റാണ്ടുമുമ്പാണ്.അന്ന് ഗുരുകുല വിദ്യാഭ്യാസം എന്ന പഠന രീതിയും സംമ്പ്രദായവുമാണ് നിലനിന്നിരുന്നത്. അന്ന് അക്ഷരാഭ്യാസം ചെയ്യുക എന്നത് ഒരു നിർബന്ധ വിഷയമേ ആയിരുന്നില്ല.ആവശ്യമുള്ളവർക്ക് പുരാണ ഗ്രന്ഥം പാരായണം ചെയ്യാനുള്ള സംസ്കൃത വിദ്യാഭ്യാസവും കൂട്ടത്തിൽ മലയാളവും താല്പര്യമുള്ളവർക്ക് കൂട്ടൽ,കിഴിക്കൽ,പെരുക്കൽ,ഹരിക്കൽ എന്നീ ചതുഷ് ക്രിയകളും പഠിപ്പിച്ചു വന്നു. പ്രധാനമായും സംസ്കൃത കാവ്യങ്ങളും ശ്ലോകങ്ങളുമാണ് പാഠ്യവിഷയം.ഒരു ഗുരുവിന്റെ വീട്ടിൽ വച്ച് രാത്രികാലത്താണ് പഠിപ്പിക്കുക.രാശേത്ത് എന്നാണ് ഇതിനു പറയുക.



മലപ്പട്ടത്ത് രാമർഗുരു എന്ന പണ്ഡിത ശ്രേഷ്ഠനാണ് ആദ്യമായി ഭാഗത്ത് പള്ളിക്കൂടം വീട്ടിൽ വെച്ച് നടത്തിയത്. വളരെ കുറച്ച് പേരേ ശിഷ്യരായി ഉണ്ടായിരുന്നുള്ളൂ.അദ്ദേഹത്തിന്റെ ശിഷ്യനും മകന്റെ മകനുമായ എൻ.കെ.കുഞ്ഞിരാമൻ മാസ്റ്ററാണ് 1941 ൽ എല്ലാവർക്കും വിദ്യാഭ്യാസം ചെയ്യാനുള്ള പൊതുപള്ളിക്കൂടം സ്ഥാപിക്കാൻ ഒന്നാമതായി മുന്നോട്ട് വന്നത്.അദ്ദേഹം മലപ്പട്ടം മുനമ്പ് പ്രദേശത്ത് കാക്കടവ് എന്ന സ്ഥലത്ത് ഒരു ഓല ഷെഡ് കെട്ടി അതിൽ ജാതിമത ഭേദമന്യേ ഏതാനും കുട്ടികളെ ഇരുത്തി അധ്യാപനം നടത്തി.20 കുട്ടികളായിരുന്നു അന്നുണ്ടായിരുന്നത്.മണൽ ഉപയോഗിച്ചാണ് എഴുത്ത് പഠിപ്പിക്കുക.രണ്ടുവർഷം അവിടെ തുടർന്നു.

പ്രദേശത്തിന്റെ ഒറ്റത്തായിരുന്നു മുനമ്പ്. ജനസംഖ്യയും കുറവ്.അതുകൊണ്ട് തല്പരരായി മുന്നോട്ട് വരുന്ന കൂടുതൽ കുട്ടികളെ പഠിപ്പിക്കാനുള്ള സൗകര്യപ്രദമായ ഒരിടം എന്ന നിലയിൽ മുസ്ലീം വിഭാഗത്തിൽപ്പെടുന്ന നിരക്ഷരരായ ഒട്ടേറെപ്പേർ കോളനീകരിച്ച് താമസിക്കുന്നതുമായ കാപ്പാട്ടുകുന്ന് എന്ന സ്ഥലത്തേക്ക് സ്കൂൾ മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചു.അങ്ങനെ 1943 ൽ ഇപ്പോഴുള്ള സ്ഥലത്ത് സ്കൂൾ നിലവിൽ വന്നു.അന്ന് ഓലയും പുല്ലും കൊണ്ട് നിർമ്മിച്ച കെട്ടിടമായിരുന്നു.അപ്രതീക്ഷിതമായി ഉണ്ടായ ഒരു അഗ്നിബാധയെ തുടർന്ന് കെട്ടിടങ്ങളും റിക്കാർഡുകളും കത്തി നശിച്ചു.പിന്നീട് അദ്ദേഹത്തിന്റെ തീവ്രശ്രമഫലമായാണ് ഓടിട്ട കെട്ടിടം നിർമ്മിച്ചത്.

Vാം തരം വരെയായിരുന്നു ആദ്യകാലത്തെ ക്ലാസ്സുകൾ.സ്ഥാപക അധ്യാപകർ കുഞ്ഞിരാറ് മാസ്റ്റർ, ബാലകൃഷണൻ മാസ്റ്റർ (മട്ടന്നൂർ) സിടി.കൃഷ്ണൻ മാസ്റ്റർ,പട്ടുൻ നാരായണൻ മാസ്റ്റർ (ചൂളിയാട്) എന്നിവരായിരുന്നു. അനന്തവാര്യർ പ്രധാന അധ്യാപകനായി കൂടെ സിടി നാരയായണൻ മാസ്റ്റർ,പി.പി.ശങ്കരൻ മാസ്റ്റർ,ടി.ചെറിയ ടീച്ചർ,ടി.ഗോവിന്ദൻ മാസ്റ്റർ എന്നിവർ അധ്യാപകരായി പ്രവർത്തിച്ചു .മലപ്പട്ടം പ്രദേശത്തെ ആദ്യത്തെ വനിതാ ഉദ്യോഗസ്ഥ ചെറിയ ടീച്ചർ ആയിരുന്നു.ടി.ഗോവിന്ദൻ മാസ്റ്റർ രാജിവെച്ച് പോയപ്പോൾ എം.ജെ.രാമചന്ദ്രൻ മാസ്റ്റർ അധ്യാപകനായി വന്നു.പ്രധാന അധ്യാപകനായ ശങ്കരൻ മാസ്റ്റർ വിരമിച്ചപ്പോൾ കെ.രാഘവൻ മാസ്റ്റർ അധ്യാപകനായും പിന്നീട് പ്രധാന അധ്യാപകനായും വന്നു.രാഘവൻ മാസ്റ്റർ വിരമിച്ചപ്പോൾ സീനിയർ അധ്യാപികയായ മല്ലിക ടീച്ചർ പ്രധാന അധ്യാപികയായി വന്നു.12 വർഷത്തിനു ശേഷം.മല്ലിക ടീച്ചർ വിരമിച്ചു.ഇപ്പോൾ എം.എം.കാർത്ത്യായണി ടീച്ചർ പ്രധാനാധ്യാപികയായി . കാർത്ത്യായനി ടീച്ചർക്ക് ശേഷം പ്രധാനധ്യാപികയായി മാലതി ടീച്ചർ പ്രവർത്തിക്കുന്നു.ഒരു അറബി അധ്യാപകനടക്കം 5 പേർ ഇവിടെ പ്രവർത്തിക്കുന്നു

ആമുഖത്തിൽ പറഞ്ഞതുപോലെ സമൂഹത്തിൽ വിദ്യാഭ്യാസം ചെയ്യുന്നതിന് പ്രാധാന്യം തീരെ കല്പിക്കാതിരുന്ന ഒരു പരിഷ്കൃത കാലഘട്ടത്തിലാണ് വിദ്യാഭ്യാസത്തിന്റെ സന്ദേശം രാമർഗുരു ഉയർത്തിയത്.ജാതിയുടേയും മതത്തിന്റെയും അയിത്താചാരങ്ങളുടേയും സാമൂഹ്യ ചുറ്റുപാടിൽ അത്തരം അനാചാരങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള പ്രാഥമിക ബോധം ഉണ്ടാക്കിയെടുക്കാനുള്ള ഒരു വേദിയായി നമ്മുടെ സ്ഥാപനം അന്നു മാറി.വിവിധ ജാതിയിലും മതത്തിലും പെട്ടവർ ഒരേബെഞ്ചിലിരുന്ന് പഠിക്കാൻ സാഹചര്യമുണ്ടായത് വലിയ നേട്ടമാണ്. വിദ്യാഭ്യാസമില്ലാതിരുന്ന മഹാഭൂരിപക്ഷം വരുന്ന പാവങ്ങളെ ചൂഷണം ചെയ്തുവന്നിരുന്ന ഭരണാധികാരികളിൽ നിന്ന് രക്ഷപ്പെടാനും കാര്യങ്ങൾ തിരിച്ചറിയാനും പ്രതിരോധിക്കാനും പ്രതികരിക്കാനും



ഉള്ള കഴിവുള്ളവരായി വളരാനും ജനങ്ങളെ സഹായിക്കാനും ഈ വിദ്യാഭ്യാസത്തിന് കഴിഞ്ഞു.

മാപ്പിള എ.എൽ.പി സ്കൂൾ മുസ്ലീംങ്ങൾ കൂടുതലുള്ള പ്രദേശമാണ്.ഈ വിഭാഗത്തെയാകെ പ്രാഥമിക വിദ്യാഭ്യാസം നൽകി സമൂഹത്തിലെ മറ്റ് വിഭാഗക്കാരോടൊപ്പം ഉയർത്താൻ കഴിഞ്ഞത് വലിയ നേട്ടമാണ്.

ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചവർ സമൂഹത്തിന്റെ വിവിധങ്ങളായ ശ്രേണികളിൽ എത്തിയിട്ടുണ്ട്. സർക്കാർ സർവീസിൽ ക്ലാസ് III,IV ജീവനക്കാർ,അധ്യാപകർ,കച്ചവടക്കാർ,പട്ടാളക്കാർ,കൃഷിക്കാർ എന്നിവർക്ക പുറമെ നല്ലൊരു വിഭാഗം ഗൾഫ് മേഖലയിൽ ജോലിചെയ്ത് ഉന്നതനിലവാരത്തിൽ എത്തിയിട്ടുണ്ട്.

വിദ്യാഭ്യാസസ്ഥാപനം കൊണ്ട് കോട്ടം ഉണ്ടാവുകയെന്ന പ്രശ്നം ഉദിക്കുന്നില്ല.ഇപ്പോൾ പഠനനിലവാരം നല്ല രീതിയിൽ ഉയർന്നു നിൽക്കുന്നു.PTAയുടെ ഭാഗത്തുനിന്ന് ആത്മാർഥമായ പിന്തുണ ലഭിക്കുന്നുണ്ട്.

കുട്ടികളുടെ അംഗസംഖ്യ ഇപ്പോൾ കൂടിക്കൂടി വരുന്നുണ്ട്.കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ അധ്യാപകരും പി.ടി.എ യും പരമാവധി ശ്രമിക്കുണ്ട്.

ചുരുക്കത്തിൽ മലപ്പട്ടം മാപ്പിള എ.എൽ.പി സ്കൂൾ ഈ പ്രദേശത്തെ അധ:സ്ഥിതമായ അവസ്ഥയിൽ കിടന്ന ജനവിഭാഗങ്ങളെ വിദ്യാഭ്യാസമേഖലയിലേക്ക് കൈപിടിച്ചുയർത്താൻ സഹായകമായ കേന്ദ്രമായി നിലനിൽക്കുന്നു.



# വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം - നിലവിലെ അവസ്ഥ

ക്ലാസ് മുറി - **6**

ആൺകുട്ടികളുടെ ടോയലറ്റ് - **2**

പെൺകുട്ടികളുടെ ടോയലറ്റ് - **4**

കുടിവെള്ള സൗകര്യം- ഉണ്ട്

പ്രധാന അധ്യാപകമുറി - ഉണ്ട്

ചുറ്റുമതിൽ /ഹരിത വേലി / മറ്റു വേലികൾ - ഉണ്ട്

കളിസ്ഥലം- ഉണ്ട്

അടുക്കള - ഉണ്ട്

## അധ്യാപകർ നിലവിലെ അവസ്ഥ

എൽ.പി വിഭാഗം - **5**

പ്രീ-പ്രൈമറി - **2**

# വിദ്യാലയത്തിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

കമ്പ്യൂട്ടർ - ഡസ്ക്ടോപ്പ് - 4

ലാപ്ടോപ്പ് - 3

പ്രൊജക്ടർ - 2

ടി.വി **LCD/LFD - 4**

ഇൻററ്നെറ്റ് കണക്ഷൻ -ഉണ്ട്

സ്മാർട്ട് ക്ലാസ്റൂം - ഉണ്ട്

ഇ-മെയിൽ ഐഡി- ഉണ്ട്

യൂട്യൂബ് ചാനൽ - ഉണ്ട്

വാട്സ്ആപ്പ്ഗ്രൂപ്പ് -ഉണ്ട്

ഫെയ്സ് ബുക്ക് - ഉണ്ട്

# വിദ്യാലയ വികസന കാഴ്ചപ്പാട്

കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാലയ വികസന കാഴ്ചപ്പാടിലൂടെ ഞങ്ങൾ ലക്ഷ്യമാക്കുന്നത്. വൈജ്ഞാനിക, സാംസ്കാരിക, കലാ-കായിക,ഐ.ടി എന്നിങ്ങനെ എല്ലാ മേഖലകളിലുമുയർന്ന ഗുണനിലവാരമുള്ള കുട്ടികളെ വാർത്തെടുക്കുക,ശിശു സൗഹൃദപരമായ വിദ്യാലയവും ചുറ്റുപാടും സജ്ജമാക്കുക,സർവ്വോപരി ഉത്തമപൗരന്മാരായി വളരാനുള്ള സാഹചര്യമൊരുക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം



# അ, ആ, ഇ, ഈ



**ആമുഖം: മലയാളം മാതൃഭാഷയാണെങ്കിലും ഭാഷാ പഠനത്തിൽ കുട്ടികൾക്ക് പല പ്രശ്നങ്ങളും അനുഭവപ്പെടുന്നതായിക്കാണാം.അക്ഷരത്തെറ്റുകൾ, ഉച്ചാരണപ്പിശകുകൾ, ചിഹ്നങ്ങൾ തെറ്റായി ഉപയോഗിക്കുക, വ്യവഹാരരൂപങ്ങൾ എഴുതുമ്പോഴുള്ള പോരായ്മകൾ,സർഗാത്മകതയുടെ അഭാവം എന്നിങ്ങനെ ഒട്ടേറെ പ്രശ്നങ്ങൾ.ഇവ പരിഹരിക്കുന്നതിനു വേണ്ടി നടത്തുന്ന പ്രവർത്തനമാണ് വള്ളിയും പുള്ളിയും.1,2, ക്ലാസുകളിലെ കുട്ടികളിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ലളിതവും രസകരവുമായി ഉറപ്പിക്കുന്ന പ്രവർത്തനങ്ങളും മൂന്ന്,നാല് ക്ലാസ്സുകളിലെ കുട്ടികളിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ചുകൊണ്ട് വ്യവഹാര രൂപങ്ങളിലേക്കും സർഗാത്മകതയിലേക്കും നയിച്ചുകൊണ്ട് അവരുടെ കഴിവുകളെ മികവുറ്റതാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചാണ് വള്ളിയും പുള്ളിയും.**

**പൊതുലക്ഷ്യം**

എല്ലാ കുട്ടികൾക്കും മലയാളം സംസാരിക്കാനും വായിക്കനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക

| ലക്ഷ്യം | ടാർജറ്റ്ഗ്രൂപ്പ്/ ക്ലാസ്സ്/വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളിൽ അക്ഷരങ്ങളുംചിഹ്നങ്ങളുംഉറപ്പിക്കൽ | 1,2, ക്ലാസുകളിലെ എല്ലാകുട്ടികളും (മലയാളം) | 1,2, ക്ലാസുകളിലെ എല്ലാകുട്ടികൾക്ക് പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ പ്രകാരം(അക്ഷര കാർഡ്,കോപ്പി,കുട്ടി ക്കഥകൾ,കവിതകൾ) | 2025-26 ജൂൺ മുതൽ ഡിസംബർ വരെ | കോ-ഓർഡിനേറ്റർ:ജിതിൻലാൽ ഇ.കെ ചുമതല:ക്ലാസ് അധ്യാപകർ 3,4,ക്ലാസുകളിലെ അധ്യാപകർ | 1000/ |
| വ്യവഹാര രൂപങ്ങൾ എഴുതാനുള്ള അഭിരുചി വളർത്തൽ സർഗാത്മകത വളർത്തൽ | 3,4, ക്ലാസുകളിലെ എല്ലാകുട്ടികളും | 1.മലയാളത്തിളക്കം 2.ശ്രദ്ധ 3.രചനാശില്പശാലകൾ 4.കയ്യെഴുത്തുമാസിക | | | |



# കുഞ്ഞുവായന നല്ല വായന


**ആമുഖം**

അറിവു സമ്പാദനത്തിന്റെ പ്രധാനഘടകമാണ് വായന.വായന അറിവും ആവേശവും നൽ കുന്ന പ്രക്രിയയാണ്.നവലോക്ങ്ങൾ

തേടിയുള്ള യാത്രയായ വായന എൽ.പി.ക്ലാസ് മുതലേ തുടങ്ങേണ്ടതുണ്ട്.പാഠപുസ്തകങ്ങൾക്കപ്പുറമുള്ള വായനയുടെ തലങ്ങളിലേക്ക് കുട്ടികളെ എത്തിക്കേണ്ടതുണ്ട്.നല്ല വായനയുണ്ടെങ്കിലെ പഠനത്തിൽ മികവുണ്ടാവുകയുള്ളൂ.വായനാപരിപോഷണത്തിലൂടെ കുട്ടികളുടെ സർഗാത്മകത പുറത്തുകൊണ്ടുവരാനും ഭാഷാപഠനം ലളിതമാക്കാനും

സാധിക്കും

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്/ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാല യളവ് | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| വായന വളർത്തൽ (മുഴുവൻ കുട്ടികളെ യും വായനയിൽ താല്പര്യമു ള്ളവരാക്കി മാറ്റുക | വിദ്യാലയ ത്തിലെ മുഴുവൻ കുട്ടികളും 3,4,ക്ലാസുകൾ | 1.ക്ലാസ്സ് ലൈബ്രറി<br>2.പുസ്തകസമാഹര ണ യജ്ഞം<br>3.എന്റെ വായനക്കുറിപ്പ് പുസ്തകം<br>4.അസംബ്ലിയിലെ പത്രവാർത്ത അവതരണം,പുസ്ത ക പരിജയം<br>5.രക്ഷാകർത്യവായ ന<br>6.വാരാന്ത്യ ക്വിസ്<br>7.മാസാന്ത്യ ക്വിസ്<br>8.പുസ്തക ചർച്ച<br>9.വായന പ്രതിഭയെ കണ്ടെത്തൽ<br>10.മെഗാ ക്വിസ്(കുട്ടികൾ,ര ക്ഷിതാക്കൾ) | ജൂൺ മുതൽ മാർച്ച് വരെ | കോ-ഓർഡിനേ റ്റർ:ലൈ ബ്രറി ചുമതല യുള്ള അധ്യാപ കർ | 15000/ |



# ശാസ്ത്രകൗതുകം

**ആമുഖം**

**രസകരമായ പ്രവർത്തനങ്ങളിലൂടെ ശാസ്ത്ര രഹസ്യങ്ങൾ അറിയുമ്പോൾ കുരുന്നുമനസ്സിനുണ്ടാകുന്ന നിർവൃതി അനിർവ്വചനീയമാണ്.ഭാവനയെ ഉണർത്താനും,രസകരമായ പ്രവർത്തനങ്ങളിലൂടെ പ്രപഞ്ച വൈവിധ്യങ്ങളെക്കുറിച്ചറിയാനും ശാസ്ത്ര വീക്ഷണവും ശാസ്ത്രാഭിരുചിയും വളർത്തിയെടുക്കാനും ശാസ്ത്രജാലകത്തിലൂടെ സാധിക്കും.**

**ലക്ഷ്യം**

**ഭാവിയിലെ ശാസ്ത്രജ്ഞരെ വാർത്തെടുക്കൽ**

**കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക**

**അന്തർലീനമായ കഴിവുകളെ പുറത്തുകൊണ്ടുവരിക**

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ്/ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | 3,4, ക്ലാസുകളിലെ കുട്ടികൾ | ലഘുപരീക്ഷണങ്ങൾ ശാസ്ത്രമൂല നവീകരണം പഠനയാത്ര (വെള്ളി-1.30 ന്) പരീക്ഷണങ്ങൾ വർഷത്തിൽ 2 പഠനയാത്രകൾ | മാസത്തിൽ 1 ദിവസം | കോ-ഓർഡിനേറ്റർ:ലിജി. എം.കെ ചുമതല: സയൻസ് ക്ലബ്ബ് അംഗങ്ങൾ | 1500/ |



# A to Z

**ആമുഖം**


ഓരോ ക്ലാസിന്റെ നിലവാരമനുസരിച്ച് ഇംഗ്ലീഷ് ഭാഷയിൽ ർവ്ൽസ് (വായന, എഴുത്ത്, കേട്ട് ഗ്രഹിക്കൽ, സംസാരം) എന്നീ ശേഷികൾ പരിപോഷിപിക്കുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. വായന, എഴുത്ത് എന്നീ ശേഷികളിൽ പിന്നോക്കം നിൽ ക്കുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേക പരിശീലനവും ഇതോടൊപ്പം ഉൾക്കൊള്ളുന്നു. ഇംഗ്ലീഷ് തിയേറ്റർ ഇക്റ്റ് സാധ്യതകൾ ഉപയോഗപ്പെടുത്തിയാണ് പദ്ധതി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്.

**ലക്ഷ്യം**

ഇംഗ്ലീഷ് പഠനം രസകരമാക്കൽ

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഇംഗ്ലീഷ് പഠനം രസകരവും സുഗമവുമാക്കൽ | മുഴുവൻ കുട്ടികളും | 1.1,2 ക്ലാസുകളിലെ കുട്ടികൾക്ക് പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ പ്രകാരം(ചൊവ്വ 3.15 മുതൽ 4 വരെ) 2.3,4 ക്ലാസുകളിലെ കുട്ടികൾക്ക് പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ പ്രകാരം (ചൊവ്വ 3.30 മുതൽ 4.15 വരെ) 3.English Assembly | ജൂൺ മുതൽ ഫെബ്രുവരി വരെ | കോഡിനേറ്റർ മാലതി.പി.എൻ ചുമതല ക്ലാസ് അധ്യാപകർ | 1000/- |

# SPEELLING BEE COMPETITION



**ആമുഖം**

**കുറെ ഇംഗ്ലീഷ് പദങ്ങൾ കുട്ടികളിലെത്തിക്കുകയും പഠിച്ച പദങ്ങൾ അവതരിപ്പിക്കാനുള്ള അവസരമൊരുക്കുകയും ചെയ്യുന്നതാണ് ഈ പരിപാടി.**

**ലക്ഷ്യം**

കുട്ടികളിലേക്ക് കൂടുതൽ ഇംഗ്ലീഷ് പദങ്ങൾ എത്തിക്കൽ

| | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ്/ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 2 | | എൽ.കെ.ജി മുതൽ നാലാം ക്ലാസ്സ് വരെ | പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ | ജൂൺ മുതൽ ഡിസംബർ | ക്ലാസ് ടീച്ചേർസ് | 10000/ |

# ഗണിതം മധുരം




**ആമുഖം**

ഗണിതം വളരെ എളുപ്പമാണ് എന്നാൽ കുട്ടികളിൽ ഗണിത പ്രശ്നങ്ങൾ വരുമ്പോൾ വിഷമകരമാവുന്നു.കുട്ടികളിലൂടെ വളരെ രസകരമായി ചെയ്യാവുന്നതാണ് ഗണിതം എന്ന് തെളിയിക്കുകയാണ് മാത്തമാജിക് എന്ന പ്രവർത്തനം

**ലക്ഷ്യം**

ഗണിതം രസകരമായി കുട്ടികളിലെത്തിക്കൽ

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ്/ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിതം രസകരമായി കുട്ടികളിലെത്തിക്കൽ<br><br>ഗണിതശാസ്ത്ര മേളകളിലെ വിജയം | **I to IV** | ഗണിതകേളികൾ<br>ക്വിസ്സ് മത്സരങ്ങൾ | അഗസ്ത് മുതൽ ഫെബ്രുവരി വരെ | കോ-ഓർഡിനേറ്റർ: സുഷിന മോൾ.സി.എ | 1000/ |

# ഒത്തുകൂടാം കൂട്ടുകാരെ

**ആമുഖം**

കുട്ടികളിൽപരസ്പരസ്നേഹം,സഹകരണമനോഭാവം,സർഗാത്മകത,കായികക്ഷമത,ഇവയൊക്കെ വളർത്തിയെടുക്കുന്നതിനും ജീവിതത്തിന്റെ വിഷമതകളും കഷ്ടപ്പാടുകളും ബോധ്യപ്പെടുത്തുന്നതിനും ഈ പ്രവർത്തനങ്ങൾ വഴിയൊരുക്കുന്നു.

**ലക്ഷ്യം**

കുട്ടികളുടെ സമഗ്രവികാസം

| | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ്/ക്ലാസ്സ്/വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 2 | | സ്കൂളിലെ എല്ലാ കുട്ടികളും | പരിപാടികളിൽ കലാ-കായിക രംഗത്തുള്ള പ്രവർത്തകരെ പങ്കെടുപ്പിക്കൽ(ദിനാചരണങ്ങളിലും ആഘോഷങ്ങളിലും) കുട്ടികൾക്ക് അവരുമായി സംസാരിക്കാനുള്ള അവസരം ഒരുക്കൽ ക്യാമ്പുകൾ(നാടകം,രചന, ഒറിഗാമി പഠനോപകരണ നിർമ്മാണം-പ്രവൃത്തി പരിചയ ശില്പശാല) (ക്യാമ്പുകൾ അവധിക്കാലത്ത്) | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | കോ-ഓർഡിനേറ്റർ: പ്രധാനധ്യാപിക | 10000/ |

# അറബിത്തിളക്കം

**ആമുഖം**

**അറബി വായന,എഴുത്ത് എന്നിവയിൽ പിന്നോക്കം നിൽ ക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽ കുകയാണ് ഈ**

**പദ്ധതി ഉദ്ദേശിക്കുന്നത്**

**ലക്ഷ്യം**

**വായന,എഴുത്ത് എന്നിവയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം**

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ്/ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാല യളവ് | ചുമതല | സാമ്പത്തി കം |
|---|---|---|---|---|---|
| | 3,4, ക്ലാസുകളിലെ കുട്ടികൾ | പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ പ്രകാരം | ജൂലായ് മുതൽ ഡിസംബർ വരെ | കോ-ഓർഡിനേറ്റർ:ശിഹാസ്. സി.എം | 100/ |

## സുംബ

**ആമുഖം**

ഒരു പ്രത്യേകമായ ഡാൻസ് ഫിറ്റ്നസ് രീതിയുടെ പേരാണ് സുംബ ഡാൻസ്. മറ്റു ഫിറ്റ്നസ് രീതികളിൽ നിന്ന് വ്യത്യസ്തമായി വളരെ ലളിതവും ഫലപ്രദവും മടുപ്പുളവാക്കാത്തതുമായതിനാൽ സുംബ ഡാൻസ് ഇന്ന് വളരെയധികം ജനപ്രീതി നേടിയിരിക്കുന്നു.

**ലക്ഷ്യം**

കുട്ടികളുടെ മാനസികോല്ലാസവും കായികക്ഷമതയും വർദ്ധിപ്പിക്കുക.

**ക്ലാസ്സ്**

LKG — IV

**പ്രവർത്തനങ്ങൾ**

വീഡിയോ /ട്രെയിനറുടെ സഹായത്തോടെ മുഴുവൻ കുട്ടികൾക്കും സുംബ ഡാൻസ് പരിശീലനം


മൈതാനം /ക്ലാസ്സ്മുറി /ഹാൾ

**കാലയളവ്**

ജൂൺ 23 മുതൽ ജനുവരി 30 വരെ

ചുമതല
പി.ടി ടീച്ചർ

സാമ്പത്തികം
500/



# പച്ചക്കറിത്തോട്ടം

**ആമുഖം:**

ഗുണമേന്മയുള്ള ഭക്ഷണം ഓരോ കുട്ടിയുടെയും അവകാശമാണ്.നല്ല ഭക്ഷണം ഉറപ്പുവരുത്തുന്നതിന് വിഷവിമുക്തമായ പച്ചക്കറികൾ ആവശ്യമാണ്.കുട്ടികൾക്ക് പഠിക്കാനും ആരോഗ്യദായകമായ ഭക്ഷണം ലഭ്യമാക്കാനും സ്കൂൾ പച്ചക്കറിത്തോട്ടത്തിലൂടെ സധിക്കും.

**ലക്ഷ്യം**

- ശുദ്ധമായ പച്ചക്കറികൾ
- കൃഷിയറിവ്
- ആരോഗ്യമുള്ള തലമുറ

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കമ്മിറ്റി രൂപീകരണം | എസ്.ആർ.ജി,മദർ പി.ടി.എ അംഗങ്ങൾ,ഹരിത സേന എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് കമ്മിറ്റി രൂപീകരിക്കുന്നു. | ജൂൺ രണ്ടാംവാരം | ഹെഡ്മിസ്ട്രസ് | |
| വിത്ത് ശേഖരണം | മദർ പി.ടി.എ.അംഗങ്ങൾ | ജൂൺ മൂന്നാംവാരം | മദർ പി.ടി.എ പ്രസിഡന്റ് | |
| നിലമൊരുക്കൽ-വിത്ത് നടീൽ | എസ്.ആർ.ജി,മദർ പിടി.എ,ഹരിതസേന അംഗങ്ങൾ | ജൂലൈ മൂന്നാം വാരം | ചുമതലയുള്ള അധ്യാപകൻ | |
| പരിപാലനം | ജലസേചനം,വളമിടൽ,കള പറിക്കൽ എന്നിങ്ങനെയുള്ള ജോലികൾ ഹരിത സേനാംഗങ്ങൾ സമയാധിഷ്ഠിതമായി ചെയ്യുന്നു. | ജൂലൈ-മാർച്ച് | ചുമതലയുള്ള അധ്യാപകൻ | |
| വിളവെടുപ്പ് | പഞ്ചായത്ത് പ്രസിഡന്റ് വിളവെടുപ്പ് ഉദ്ഘാടനം നടത്തുന്നു. | യഥാസമയം | ചുമതലയുള്ള അധ്യാപകൻ | |

# ഭൗതിക സാഹചര്യം

*പദ്ധതി
കോൺക്രീറ്റ് റോഡ്

*ലക്ഷ്യം
സുരക്ഷിതമായ യാത്ര
ഉറപ്പാക്കൽ

*ടാർജറ്റ് ഗ്രൂപ്പ്
മാനേജർ /പി.ടി
എ/ജനകീയ സമിതി

*പ്രവർത്തനങ്ങൾ
കമ്മിറ്റി രൂപീകരണം
ധനസമാഹരണം
റോഡ് കോൺക്രീറ്റ്
ചെയ്യൽ

*കാലയളവ്
**2025** ജൂൺ - **2026** മെയ്

സാമ്പത്തികം
**250000**



# മോണിറ്ററിംഗ്

| പ്രവർത്തന മേഖല | മോണിറ്ററിംഗ് സമയം | ചുമതല |
|---|---|---|
| ഭൗതികം | മാർച്ച് മുതൽ ജൂൺ വരെ | പി.ടി.എ പഞ്ചായത്ത് |
| അക്കാദമികം | അധ്യയന വർഷം മുഴുവൻ | ഹെഡ്മിസ്ട്രസ് ബി.ആർ.സി കോഡിനേറ്റർ, എ.ഇ.ഒ |
| സാമൂഹിക പങ്കാളിത്തം | | |





# മലപ്പട്ടം മാപ്പിള എ എൽ പി സ്കൂൾ

# മികവുറ്റ വിദ്യാഭ്യാസം... മികവുറ്റ പ്രവർത്തനം

## മികവുകളുമായി മുന്നോട്ട്

### ചരിത്ര വിജയം

[illegible]





### ഉപജില്ലാ ശാസ്ത്രമേള വിജയികൾ സർട്ടിഫിക്കറ്റുകളുമായി



### വിദ്യാരംഗം ക്ലബ്ബിന്റേയും വിവിധ ക്ലബ്ബുകളുടേയും ഉദ്ഘാടനം& വിജയോത്സവം 2K24



### വിജയാഘോഷ റാലി





### വിജയോത്സവം





### സ്മാർട്ട് ക്ലാസ്റൂം



### കമ്പ്യൂട്ടർ പഠനം



### മലപ്പട്ടം ഗ്രാമ പഞ്ചായത്ത് മാലിന്യ മുക്ത നവകേരളം ഹരിത വിദ്യാലയ പ്രഖ്യാപനത്തിൽ നിന്ന്





A+ ഗ്രേഡോടെ മൂന്നാം സ്ഥാനം

### മാലിന്യ മുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായുള്ള ചിത്രരചനാ മത്സരം













### ഹരിതസഭയിൽ നമ്മുടെ കുട്ടികൾ







## പ്രവേശനോത്സവം



## കുട്ടിപ്പോലീസ് തിരക്കിലാണ്



## ആരോഗ്യ കായിക വിദ്യാഭ്യാസം



## പോഷകാഹാര വിതരണം



## കളറിംഗ് മത്സരം & ടാലന്റ് എക്സാം



